# ശോഭാ ഡെവലപ്പേഴ്സിന് കൺസ്ട്രക്ഷൻ വീക്ക് അവാർഡ്

കൊച്ചി: റിയൽ എസ്റ്റേറ്റ് കമ്പനിയായ ശോഭാ ഡെവലപ്പേഴ്സിന് കൺസ്ട്രക്ഷൻ വീക്ക് അവാർഡ് ലഭിച്ചു. പരിസ്ഥിതിക്കിണങ്ങുന്ന ഈ വർഷത്തെ ഏറ്റവും മികച്ച സഹനീയ പദ്ധതിക്കുള്ള അവാർഡാണ് (ബെസ്റ്റ് സസ്റ്റെയ്നബിൾ പ്രൊജക്റ്റ് ഓഫ് ദ ഇയർ) ശോഭ നിർമ്മിച്ച ബേയറിന്റെ എക്കോ-കമേഴ്സ്യൽ ബിൽഡിംഗിന് ലഭിച്ചത്. മുംബൈ താജ് പാലസ് ഹോട്ടലിൽ നടന്ന ചടങ്ങിൽ കമ്പനിയുടെ ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ പി. രാമകൃഷ്ണൻ അവാർഡ് ഏറ്റുവാങ്ങി.

ഈ മേഖലയിലെ ഉന്നതമായ ഊർജ്ജ സംരക്ഷണ നിലവാരമുള്ള ഇത്തരത്തിലെ ആദ്യ പദ്ധതിയാണ് ഗ്രേറ്റർ നോയ്ഡയിലെ ഈ കെട്ടിടസമുച്ചയമെന്ന് പി. രാമകൃഷ്ണൻ പറഞ്ഞു. ഇന്ത്യയിലെ നിർമാണ മേഖലയിലെ മികച്ച പദ്ധതികൾക്ക് വിവിധ വിഭാഗങ്ങളിലായി അംഗീകാരങ്ങൾ നൽകുന്നതിനാണ് കൺസ്ട്രക്ഷൻ വീക്ക് ഇതാദ്യമായി ഈ അവാർഡുകൾ ഏർപ്പെടുത്തിയത്. പ്രശസ്ത ആർക്കിടെക്ട് കരൺ ധീർ, ടാറ്റാ ഹൗസിംഗ് എം.ഡി. ബ്രോട്ടിൻ ബാനർജി തുടങ്ങിയവരുൾപ്പെട്ട ജൂറിയാണ് അവാർഡിനർഹരായവരെ തെരഞ്ഞെടുത്തത്.